പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2874

**06.11.2019** -ലെ മറുപടിയ്ക്ക്

**തോട്ടം തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിട പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഭവനരഹിതരായ തോട്ടം തൊഴിലാളികളുടെ ആകെ എണ്ണം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന വീട്ടു വച്ച് നൽകുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പ് സർവേ നടത്തിയിട്ടുണ്ട്. റിട്ടയർ ചെയ്തിട്ടും ലയങ്ങളിൽ താമസിക്കുന്നവരിൽ സ്ഥലമോ, വീടോ ഇല്ലാത്തവർ/സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവർ, നിലവിൽ ജോലി ചെയ്യുന്നവരിൽ സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവർ/സ്ഥലമോ, വീടോ ഇല്ലാത്തവർ, എന്നിങ്ങനെ 4 വിഭാഗമായി തിരിച്ചാണ് സർവ്വേ നടത്തിയത്. ടി സർവ്വേ പ്രകാരം 32,591 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത ഭവനരഹിത തോട്ടം തൊഴിലാളികളെ സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വകുപ്പ് നടത്തിയിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ;<br><br>സി) പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽ ഭവനരഹിത തോട്ടം തൊഴിലാളികളെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | ബി) യും സി) യും തൊഴിൽവകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ലൈഫ് മിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പ്രാഥമിക സർവ്വേ പ്രകാരം സമർപ്പിച്ചിട്ടുള്ള ലിസ്റ്റിലെ മുഴുവൻ ആൾക്കാരും ഉൾപ്പെട്ടിട്ടില്ല. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് സർവേ നടത്തിയതു പ്രകാരമുള്ള ലിസ്റ്റ് പ്രത്യേകമായി പരിഗണിക്കണമെന്ന ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

Anisha

**സെക്ഷൻ ഓഫീസർ**